I.ഇ.ബി. XIIകേരള നിയമസഭ/IX-5

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 നവംബർ 28, വെള്ളി

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

### മുൻ പ്രധാനമന്ത്രി വി.പി. സിംഗിന്റെ നിര്യാണം

മി. സ്പീക്കർ: ഇന്ത്യയുടെ 10-ാമത്തെ പ്രധാനമന്ത്രിയും മതേതര-ജനാധിപത്യ പ്രസ്ഥാനത്തിന്റെ നേതാവുമായിരുന്ന വിശ്വനാഥ് പ്രതാപ് സിംഗ് 27-11-2008-ൽ നിര്യാതനായി. നിസ്വാർത്ഥമായ രാഷ്ട്രീയ പ്രവർത്തനം കൊണ്ട് ഏവർക്കും സമാരാധ്യനായിത്തീർന്ന വി.പി. സിംഗ് പൊതുജീവിതത്തിൽ ആദർശനിഷ്ഠയുടേയും സത്യസന്ധതയുടേയും ഉദാത്ത മാതൃകയായിരുന്നു. കടുത്ത രോഗബാധിതനായിരിക്കുമ്പോഴും പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ ധീരത കാണിച്ച വ്യക്തിയായിരുന്നു അദ്ദേഹം.

ഉത്തർപ്രദേശിലെ ദായ രാജകുടുംബത്തിലെ രാജാബഹദൂർ റാംഗോപാൽ സിംഗിന്റെ മകനായി 1931 ജൂൺ 25-ന് അലഹബാദിൽ ജനിച്ച വി.പി. സിംഗ്, അലഹബാദ്-പൂന സർവ്വകലാശാലകളിൽ നിന്ന് പ്രശംസാർഹമായ രീതിയിൽ പഠനം പൂർത്തിയാക്കി. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ

പൊതുരംഗത്തുവന്ന് 1957-ൽ ഭൂദാനപ്രസ്ഥാനത്തിൽ പങ്കെടുത്ത് ശ്രദ്ധേയനായി. അലഹബാദിലെ പാസ്ന ജില്ലയിലെ സ്വന്തം കൃഷി സ്ഥലം ഭൂദാന പ്രസ്ഥാനത്തിന് ദാനം ചെയ്ത് മാതൃക കാട്ടിയ വി.പി. സിംഗ് ക്രമേണ കോൺഗ്രസ് രാഷ്ട്രീയത്തിലേയ്ക്ക് ആകൃഷ്ടനാവുകയും 1969-ൽ യു.പി വിധാൻ സഭയിലേയ്ക്ക് സോരൻ നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 1971 മുതൽ 1977 വരെ ലോകസഭാംഗമായിരുന്നു.

1974-ൽ കേന്ദ്രമന്ത്രിസഭയിൽ അംഗമായ വി. പി. സിംഗ് 1980 മുതൽ 1982 വരെ യു.പി. മുഖ്യമന്ത്രിയായിരുന്നു. യു. പി. യുടെ പേടിസ്വപ്നമായിരുന്ന ചമ്പലിലെ കൊള്ളക്കാരെ അടിച്ചമർത്തുന്നതിൽ അദ്ദേഹം പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. 1983-ൽ ഇന്ദിരാഗാന്ധി മന്ത്രിസഭയിൽ വാണിജ്യകാര്യ വകുപ്പുമന്ത്രിയായും തുടർന്ന് 1984-ൽ രാജീവ്ഗാന്ധി മന്ത്രിസഭയിൽ ധന-രാജ്യരക്ഷാ വകുപ്പുമന്ത്രിയായും പ്രവർത്തിച്ചു. 1987-ൽ രാജീവ്ഗാന്ധി മന്ത്രിസഭയിൽ നിന്ന് രാജിവച്ച് ജനമോർച്ച എന്ന പുതിയ പാർട്ടി രൂപീകരിക്കുകയും 1988-ലെ ഉപതെരഞ്ഞെടുപ്പിൽ വീണ്ടും ലോക്സഭാംഗമായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1989-ലെ പൊതുതെരഞ്ഞെടുപ്പിൽ ദേശീയമുന്നണിക്ക് നേതൃത്വം നൽകുകയും 1989 ഡിസംബർ 10 മുതൽ 1990 നവംബർ 10 വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായി പ്രവർത്തിക്കുകയും ചെയ്ത കാലയളവിൽ പിന്നോക്കക്കാർക്ക് സംവരണം നൽകുന്ന മണ്ഡൽ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുന്നതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ആ ധീരമായ നടപടി ജനഹൃദയങ്ങളിൽ അദ്ദേഹത്തിന് ചിരപ്രതിഷ്ഠ നേടിക്കൊടുത്തു. ആ ഘട്ടത്തിൽ രാമജന്മഭൂമി പ്രക്ഷോഭമുയർത്തി അയോദ്ധ്യയിലേയ്ക്ക് നടത്തിയ രഥ

യാത്ര തടഞ്ഞതിനെത്തുടർന്ന് ബി.ജെ.പി പിന്തുണ പിൻവലിച്ചതിനാൽ മന്ത്രി സഭ രാജിവച്ചു. വിശ്വാസപ്രമേയത്തിൽ പരാജയപ്പെട്ട ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയായ വി. പി. സിംഗ്, അധികാരത്തേക്കാൾ വലുതാണ് രാജ്യവും മതേതരത്വവും എന്നു തെളിയിച്ച നേതാവ് കൂടിയായിരുന്നു. പ്രശസ്ത ചിത്രകാരനും കവിയും രാഷ്ട്രീയ നേതാവുമായിരുന്ന വി.പി. സിംഗിന്റെ നിര്യാണംമൂലം ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഒരു അമരക്കാരനേയും മാതൃകാ ദേശസ്നേഹിയേയും പുരോഗമനവാദിയായ ഒരു നേതാവിനെയുമാണ് നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പുരോഗമന പ്രസ്ഥാനത്തിലേയ്ക്കും കോൺഗ്രസ്സിലേയ്ക്കുമെല്ലാം ആകർഷിക്കപ്പെടുകയും അഴിമതിയ്ക്കെതിരെയും മതനിരപേക്ഷത കാത്തുസൂക്ഷിക്കുന്നതിനുവേണ്ടിയും ശക്തമായി പോരാടുകയും ചെയ്തു. അദ്ദേഹത്തിന്റെ വേർപാട് മതനിരപേക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾക്ക് ഒരു തീരാനഷ്ടമാണ്. മന്ത്രിസഭയ്ക്കുള്ള പിന്തുണ പിൻവലിക്കപ്പെടുകയും ഗവൺമെന്റ് അധികാരത്തിൽ നിന്ന് പുറത്തുപോകേണ്ടിവരുമെന്നറിഞ്ഞിട്ടും ഇൻഡ്യയിലെ മതന്യൂനപക്ഷത്തിന്റെ ആരാധനാകേന്ദ്രമായ ബാബ്റി മസ്ജിദ് പ്രശ്നത്തിൽ പ്രചാരണം നടത്തിയ ബി.ജെ.പി., ആർ.എസ്.എസ്., ബജ്റംഗ്ദൾ തുടങ്ങിയ ശക്തികളുടെ നേതാവായി രാജ്യമാകെ പ്രചാരണം നടത്തിയ ശ്രീ. എൽ.കെ. അദ്വാനിയെ ധീരമായി അറസ്റ്റുചെയ്ത് ഇൻഡ്യയെ വർഗ്ഗീയ-മത മൗലീകശക്തികളുടെ പന്താട്ടത്തിന് വിട്ടുകൊടുക്കാൻ തുനിയാതെ ധീരമായ നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. അന്താരാഷ്ട്ര വിമാനത്താവളമടക്കം ഒട്ടേറെ കാര്യങ്ങൾ

കേരളീയർക്ക് അംഗീകരിച്ചുതന്നുവെന്നുള്ളത് മറക്കാൻ കഴിയില്ല. ഇൻഡ്യയിലെ പിന്നോക്ക-പട്ടികജാതി-ദളിത് ജനവിഭാഗങ്ങളുടെ റിസർവ്വേഷൻ അടക്കം നടപ്പിലാക്കാനും സാമൂഹ്യനീതി ശക്തമായി ഉയർത്തിപ്പിടിക്കാനും ധീരമായി പ്രവർത്തിച്ച നേതാവിന്റെ വേർപാട് ഭാരതത്തിനും ദേശീയ ഐക്യത്തിനും മതനിരപേക്ഷതയ്ക്കും അഴിമതിക്കെതിരായ പോരാട്ടത്തിനുമെല്ലാം വലിയ നഷ്ടമാണ്. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോട് ഏറെ ദുഖത്തോടുകൂടി അനുശോചനം രേഖപ്പെടുത്തുന്നു

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട സ്പീക്കറും സഭാനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. സാമൂഹ്യനീതി ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഉയർത്തിക്കൊണ്ടുവന്ന വി.പി. സിംഗ്. രാജകുടുംബത്തിൽ ജനിച്ച് പൊതുപ്രവർത്തനത്തിലേയ്ക്കും ജനസേവ നത്തിലേയ്ക്കും വന്ന ഒരു നേതാവായിരുന്നു. ഉന്നതകുലജാതനായിട്ടും ഇൻഡ്യയിലെ സാധാരണക്കാരുടേയും പിന്നോക്കക്കാരുടേയും വികാരങ്ങൾ പങ്കിട്ട ഒരു ഭരണാധികാരികൂടിയായിരുന്നു. അദ്ദേഹം അധികാരത്തിൽ വന്നപ്പോൾ പിന്നോക്കക്കാർക്കുവേണ്ടിയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ പരമാവധി ശ്രമിച്ചു. ബി.ജെ.പി. യുടെ പിന്തുണയോടുകൂടി അധികാരത്തിൽ വന്ന അദ്ദേഹം ആ പിന്തുണ പിൻവലിച്ചപ്പോൾ അധികാരത്തിൽ നിന്ന് പുറത്തേക്ക് വരാനാണ് ആഗ്രഹിച്ചത്. ഇൻഡ്യൻ രാഷ്ട്രീയത്തിൽ പലതു കൊണ്ടും ശ്രീ. വി.പി.സിംഗ് വേറിട്ട് നിൽക്കുന്ന, മൂല്യങ്ങളിൽ അധിഷ്ഠിത മായ, തത്വങ്ങൾ ഉയർത്തിപിടിച്ചിട്ടുള്ള ഒരു നേതാവാണ്. ആ നേതാവിന്റെ നിര്യാണത്തിലുള്ള ദു:ഖത്തിൽ പങ്കുചേരുന്നതോടൊപ്പം ആ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി. ദിവാകരൻ): എല്ലാവരും പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുന്നു. ഭാരതം കണ്ട അസാധാരണ വ്യക്തിത്വത്തിന് ഉടമയായിരുന്ന അദ്ദേഹത്തിന്റെ ജീവിതം സംഭവബഹുലമായിരുന്നു. വർഗ്ഗീയതയുമായി ഏറ്റുമുട്ടിയതിന്റെ പേരിൽ പ്രധാനമന്ത്രിപദം തന്നെ ഉപേക്ഷിച്ച ഒരു ഭരണാധികാരിയായിരുന്നു. അവസാന നിമിഷം വരെ അധികാരങ്ങളും ആടയാഭരണങ്ങളും ഇല്ലാതെ തന്നെ ഇൻഡ്യയിലെ ജനങ്ങളുടെ സാമൂഹ്യപ്രശ്നം ഉയർത്തിപ്പിടിച്ച പൊതുപ്രവർത്തകനും ഭരണാധികാരിയുമായിരുന്നു അദ്ദേഹം. ഇൻഡ്യയുടെ ചരിത്രത്തിൽ അദ്ദേഹം കലാകാരനും മനുഷ്യസ്നേഹിയുമായിരുന്നു. അന്ധകാരം നിറയുന്ന സന്ദർഭത്തിൽ വി.പി. സിംഗിനെപ്പോലുള്ള ആളുകളെ വീണ്ടുംവീണ്ടും അന്വേഷിക്കുകയാണ്. തീർച്ചയായും അദ്ദേഹത്തിന്റെ ആദർശങ്ങൾ ഉയർത്തിപ്പിടിക്കാൻ ഭരണാധികാരികൾക്കും ജനപ്രതിനിധികൾക്കും കഴിയുമാറാകട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കുടുംബത്തിന് അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. സി.എഫ്. തോമസ്: എല്ലാവരും പ്രകടിപ്പിച്ച വികാരങ്ങളോട് പങ്കുചേരുന്നു. അസാധാരണമായ വ്യക്തിത്വത്തിന്റെ ഉടമയായിരുന്ന അദ്ദേഹത്തിന്റെ നിര്യാണംമൂലം ഒരു വലിയ നഷ്ടമാണ് ഇൻഡ്യയിലെ ജനകോടികൾക്ക് ഉണ്ടായിരിക്കുന്നത്. രാജകുടുംബത്തിൽ പിറന്നുവെങ്കിലും ഇൻഡ്യയിലെ ജനകോടികളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കിക്കൊണ്ട് ഗാന്ധിയൻ തത്വചിന്തയിൽ ആകൃഷ്ടനായി ആചാര്യ വിനോബ ഭാവെയുടെ ഭൂദാന പ്രസ്ഥാനത്തോട് ലയിച്ചുചേർന്ന് പറയുക മാത്രമല്ല തനിക്കുള്ളതെല്ലാം ആ പ്രസ്ഥാനത്തിന് എഴുതിക്കൊടുത്തുകൊണ്ട് മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന്റെ മാതൃക ജനങ്ങൾക്കും പൊതുപ്രവർത്തകർക്കും വരച്ചു

കാട്ടിയ നേതാവായിരുന്നു അദ്ദേഹം. യു.പി.-യിൽ മുഖ്യമന്ത്രിയായി അനുഷ്ഠിച്ച സേവനം, കേന്ദ്ര മന്ത്രിസഭയിൽ വിവിധ വകുപ്പുകളിൽ അനുഷ്ഠിച്ച സേവനങ്ങൾ, ഇൻഡ്യൻ പ്രധാനമന്ത്രിയായി അദ്ദേഹം രാജ്യത്തിന് നൽകിയ സേവനം ഇതൊക്കെ മാതൃകാപരമായിരുന്നു. ഇന്നത്തെ ഇൻഡ്യയിലെ ജനങ്ങൾ കൊതിക്കുന്ന വലിയ കാര്യങ്ങളായ മത നിരപേക്ഷത, വർഗ്ഗീയതയ്ക്കെതിരായിട്ടുള്ള പോരാട്ടം, മൂല്യാധിഷ്ഠിത ചിന്തകൾ, സാമൂഹ്യ നീതിയോടുള്ള പ്രതിബദ്ധത ഇതൊക്കെ ഉയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹം  കാണിച്ച ധീരമായ നേതൃപാടവം എന്നിവമൂലം ഇൻഡ്യയിലെ ജനകോടികളുടെ മനസ്സിൽ അനശ്വരനായി ജീവിക്കുക തന്നെചെയ്യും.  അദ്ദേഹത്തിന്റെ ഓർമ്മയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>): ബഹുമാനപ്പെട്ട സ്പീക്കറും പ്രതിപക്ഷ നേതാവും മറ്റുനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു.  ഇൻഡ്യൻ രാഷ്ട്രീയത്തിൽ വി.പി. സിംഗ് ആദർശോന്മുഖനായ ഏറ്റവും വലിയ ചൈതന്യമായിരുന്നു.  രാഷ്ട്രീയരംഗത്ത് മൂല്യച്യുതി സംഭവിക്കുന്നതിൽ വേദനിക്കുന്ന ജനാധിപത്യ രാജ്യത്ത് അതിൽനിന്ന് വ്യത്യസ്തമായി മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ  പ്രവർത്തനരംഗങ്ങൾ എന്നും  നമുക്കെല്ലാം പ്രചോദനമാണ്.  രാജ്യത്തിന്റെ ഭരണരംഗത്ത് നിർഭയമായി നിലപാടുകളെടുത്ത് മുന്നോട്ടുപോകാൻ ചങ്കുറപ്പ് കാണിച്ച പ്രധാനപ്പെട്ട ഭരണാധികാരികളിൽ ഒരാളായി ചരിത്രം അദ്ദേഹത്തെ സ്മരിക്കും..  പാവപ്പെട്ടവരേയും സാധാരണക്കാരേയും ഏറ്റവും  വിലപ്പെട്ടവരായി കാണാനും അടിച്ചമർത്തപ്പെട്ടവരുടെ മോചനം തന്റെ ജീവിതലക്ഷ്യമായി കണക്കാക്കാനും  പ്രതിസന്ധികളിൽ

ധീരമായ നിലപാടുകളെടുത്തുകൊണ്ട് മുന്നോട്ടുപോകാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹം ഉയർത്തിപ്പിടിച്ച മൂല്യങ്ങളെ കാത്തുസൂക്ഷിച്ചു കൊണ്ട് നാളെകളിൽ ജനാധിപത്യ വ്യവസ്ഥിതിയിൽ മുന്നോട്ടുപോകുന്നതിന് നാം ഓരോരുത്തരും പ്രതിജ്ഞയെടുക്കേണ്ടതാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ഞാനും എന്റെ കക്ഷിയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. സി.ടി. അഹമ്മദ് അലി: ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യ മന്ത്രിയും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. യഥാർത്ഥത്തിൽ സംശുദ്ധമായ പ്രതിച്ഛായ കാത്തു സൂക്ഷിച്ച നേതാവായിരുന്നു വി.പി. സിംഗ്. ഇൻഡ്യയുടെ പ്രധാനമന്ത്രി, കേന്ദ്രമന്ത്രിസഭയിൽ അംഗം, യു.പി. മുഖ്യമന്ത്രി അതോടൊപ്പംതന്നെ ഒരു ചിത്രകാരനും കവിയുമായിരുന്നു. പിന്നോക്കവിഭാഗങ്ങൾ എക്കാലവും അദ്ദേഹത്തെ സ്മരിക്കും. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിലുടെ സംവരണം ഏർപ്പെടുത്തുന്നതിൽ അദ്ദേഹം ധീരമായ നിലപാടെടുക്കുകയു ണ്ടായി. വർഗ്ഗീയതയ്ക്കെതിരായ ശക്തമായ പോരാട്ടമായിരുന്നു അദ്ദേഹം നടത്തിയിരുന്നത്. കേരളത്തിൽ 2005-ൽ അദ്ദേഹത്തിന്റെ കവിതകൾ മലയാ ളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിക്കൊണ്ടുള്ള പ്രകാശന കർമ്മ പരിപാടി യിൽ അദ്ദേഹം പങ്കെടുക്കുകയുണ്ടായി. ധീരവും സംശുദ്ധവുമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്ന അദ്ദേഹത്തിന്റെ വേർപാട് രാജ്യത്തിന് കനത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ ദു:ഖിക്കുന്ന കുടുംബത്തോട് അനുശോചനം അറിയിക്കുകയും പാവനസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജ ലികൾ അർപ്പിക്കുകയും ചെയ്യുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സഭ പ്രകടി പ്പിച്ച വികാരങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. വി.പി. സിംഗിന്റെ

നിര്യാണവാർത്ത മുംബൈ നഗരത്തിൽ നാടിനെ നടുക്കിയ ഭീകരാക്രമ ണത്തിന്റെ നടുവിലാണ് കേട്ടത്. സാമൂഹ്യനീതിയുടെ ഉജ്ജ്വലമായ ശബ്ദം എന്നു വിശേഷിപ്പിക്കാൻ കഴിയുന്ന ദേശീയ നേതാവായിരുന്നു അദ്ദേഹം. ഇൻഡ്യയുടെ ദേശീയ രാഷ്ട്രീയത്തിൽ ഒരു പുതിയ മാനം പ്രദാനം ചെയ്യുന്നതിൽ പ്രധാന പങ്കുവഹിച്ചു എന്നുള്ളതും മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ എടുത്ത ധീരമായ നടപടിയും ശ്രദ്ധേയ മാണ്. ഒരു മികവുറ്റ ഭരണാധികാരി എന്ന നിലയിലും ആദർശാധിഷ്ഠി തമായ ജീവിതത്തിന്റെ ഉടമ എന്ന നിലയിലും പ്രധാനപ്പെട്ട ഒരു ദേശീയ നേതാവായി ചരിത്രം എക്കാലവും അദ്ദേഹത്തിന്റെ നാമധേയം സ്മരിക്കും. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലിയർപ്പിച്ചുകൊണ്ട് അനുശോചനം അറിയിക്കുകയാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: രാഷ്ട്രീയത്തിൽ ധാർമ്മിക മൂല്യങ്ങൾ അന്യ മല്ലെന്ന് തെളിയിച്ച അതുല്യനായ നേതാവും ജനതാദൾ പ്രസ്ഥാനത്തിന്റെ അമരക്കാരനും അഴിമതിയ്ക്കെതിരെ ശക്തമായി പോരാടിക്കൊണ്ട് അധികാരം വിട്ടൊഴിഞ്ഞ ഇൻഡ്യയിലെ അതുല്യനായ നേതാവുമായിരുന്നു വി.പി.സിംഗ്. രാജകുടുംബത്തിൽ ജനിച്ച അദ്ദേഹം സംശുദ്ധമായ ഇൻഡ്യൻ രാഷ്ട്രീയത്തിന്റെ പ്രതീകമായിരുന്നു. അധികാരം ഒരിക്കൽപ്പോലും അദർശ ത്തിന് തടസ്സമല്ല എന്ന് തെളിയിച്ച ധീരനായ പോരാളിയായിരുന്നു. കർഷക പ്രശ്നങ്ങളിൽ അദ്ദേഹം എന്നും സമര രംഗത്തായിരുന്നു. കേരളത്തോട് എപ്പോഴും മമതയും പ്രത്യേക സ്നേഹവും പ്രകടിപ്പിച്ചിരുന്നു. തിരുവനന്ത പുരം എയർപോർട്ടിന്റെ കാര്യത്തിലും നാളികേരം എണ്ണക്കുരുവാക്കുന്ന കാര്യത്തിലും കേരളത്തിന്റെ ഭക്ഷ്യ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിലും

എന്നും ഉദാരമനസ്കനായ അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിന്റേയും മഹാത്മാഗാന്ധിയുടെയും നയങ്ങളിലെ പ്രത്യേക വശങ്ങൾ സ്വന്തം ജീവിതത്തിൽ പകർത്തിക്കൊണ്ടാണ് മാതൃകാനേതാവായി വി.പി. സിംഗ് ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഉയർന്നുശോഭിച്ചത്. സാമൂഹ്യ നീതി ഉറപ്പുവരുത്തുന്നതിനായി മണ്ഡൽ കമ്മിഷൻ ശുപാർശകൾ നടപ്പിലാക്കാൻ എടുത്ത തീരുമാനം രാഷ്ട്രീയ സമവാക്യങ്ങളിലും സവർണ്ണ അവർണ്ണ ബന്ധങ്ങളിലും മാറ്റം വരുത്തിയിട്ടുണ്ട്. അധികാരത്തിനുവേണ്ടി എന്തും ചെയ്യാമെന്ന അവസരവാദ നിലപാടുകൾ അദ്ദേഹം സ്വീകരിച്ചിരുന്നില്ല. സൗമ്യമായ പെരുമാറ്റത്തിലൂടെ ജനഹൃദയങ്ങളിൽ സ്ഥാനംപിടിച്ച അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: ഇവിടെ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ളവർ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ലാളിത്യവും അതോടൊപ്പം മിതഭാഷിയുമായ വി.പി.സിംഗിന്റെ പാർലമെന്റേറിയൻ എന്ന നിലയ്ക്കുള്ള സംഭാവന വളരെ ശ്രദ്ധേയമായിരുന്നു. രാജകീയ സൗഭാഗ്യങ്ങളുടെ പശ്ചാത്തലമുണ്ടായിരുന്നെങ്കിലും വിനോബാജിയുടെ ഭൂദാൻ പ്രസ്ഥാനത്തിന്റെ കർമ്മപഥങ്ങളിലുടെ സഞ്ചരിച്ച പാരമ്പര്യമുള്ള അദ്ദേഹത്തിന്റെ രാഷ്ട്രീയം മാതൃകാപരമാണ്. അധ:സ്ഥിത വിഭാഗത്തിന്റെ സാമ്പത്തിക സാമുഹ്യ മോചനത്തിനുവേണ്ടിയും മതേതര ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും അഴിമതി രാഷ്ട്രീയത്തിനെതിരെ വിശുദ്ധമായ നിലപാടുകൾ സ്വീകരിക്കുന്നതിനും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. കവിയും ചിത്രകാരനുമായിരുന്ന അദ്ദേഹത്തിന്റെ സൃഷ്ടികളെല്ലാം

നാടിനാവശ്യമായ സാമ്പത്തിക സാമുഹിക വിമോചനത്തിനുവേണ്ടിയുള്ള ഹൃദയസ്പന്ദനങ്ങളായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം ഈ രാജ്യത്തിന് തീരാനഷ്ടമാണ് വരുത്തിയിട്ടുള്ളത്.

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ഇൻഡ്യൻ നാഷണൽ കോൺഗ്രസിലൂടെ ഇൻഡ്യൻ രാഷ്ട്രീയ മണ്ഡലത്തിൽ ഉയർന്നുവന്ന വെള്ളിനക്ഷത്രമായിരുന്നു വി. പി. സിംഗ്. ജവഹർലാൽ നെഹ്റുവിന്റെ സോഷ്യലിസ്റ്റ് ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കോൺഗ്രസ് പ്രവർത്തകനായി പ്രവർത്തിക്കുകയും പിന്നിട് കോൺഗ്രസ് വിരുദ്ധ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. അഴിമതിക്കെതിരെ പോരാടിയ അദ്ദേഹം പീഡിതരുടേയും പിന്നോക്ക ജനവിഭാഗങ്ങളുടേയും രക്ഷകനായി മാറി. രാഷ്ടീയവിരുദ്ധ നിലപാടുകൾ സ്വീകരിച്ചിരുന്നവരെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് പാവപ്പെട്ടവർക്കുവേണ്ടി പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു വലിയ സോഷ്യലിസ്റ്റ് നേതാവായിരുന്ന അദ്ദേഹത്തിന്റെ നിര്യാണം ഇൻഡ്യൻ രാഷ്ട്രിയത്തിന് നികത്താനാകാത്ത നഷ്ടമാണ് വരുത്തിയിട്ടുള്ളത്. അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. പി.എം.എ. സലാം: ഫലഭുയിഷ്ടമായ തന്റെ കൃഷിഭൂമി ഭൂദാന പ്രസ്ഥാനത്തിനുവേണ്ടി ദാനം ചെയ്തുകൊണ്ടാണ് വി.പി.സിംഗ് പൊതുരംഗത്തേയ്ക്ക് കടന്നുവന്നത്. അദ്ദേഹം ഭരണാധികാരികൾക്ക് ഒരു മാതൃകയായിരുന്നു. അധികാരത്തിനുവേണ്ടി സ്വന്തം നിലപാടുകൾ മറക്കുകയും നിസ്സംഗതയോടുകൂടി നോക്കിനിൽക്കുകയും ചെയ്ത ഒരു കാലഘട്ടത്തിലാണ് കൈയിലെത്തിയ എല്ലാ സ്ഥാനങ്ങളും അദർശ പ്രതിബദ്ധതയ്ക്കുവേണ്ടി വിട്ടെറിഞ്ഞത്. സാമൂഹ്യ പ്രതിബദ്ധതയ്ക്കുവേണ്ടിയും സാമൂഹ്യനീതിയ്ക്കു വേണ്ടിയും അദ്ദേഹം നടത്തിയ ഏറ്റവും നല്ല പ്രവർത്തനത്തിനുദാ

ഹരണം മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് പ്രാവർത്തികമാക്കിയതായിരുന്നു. പിന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി നിലകൊണ്ട അദ്ദേഹത്തിന്റെ നിര്യാണം രാഷ്ട്രത്തിനും പിന്നോക്ക ദുർബല ജനവിഭാഗങ്ങൾക്കും കനത്ത നഷ്ട മാണുണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ മരണത്തിൽ വേദന അനുഭവി ക്കുന്ന കോടിക്കണക്കിന് ദുർബലരായ ജനവിഭാഗങ്ങളോടൊപ്പം ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു.

(പരേതനോടുള്ള ആദരസൂചകമായി സഭ രണ്ടുമിനിറ്റ് എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

(സഭ രാവിലെ 9.32-ന് പിരിഞ്ഞു)

.................